# Syro-Malabar Eparchy of St Thomas the Apostle, Melbourne

Prot. No. MPL 154/21/66

**സർക്കുലർ**

**ക്രിസ്മസ് ആശംസകൾ**

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ,

കൊറോണ അണുബാധയുടെ അനിശ്ചിതത്വങ്ങളുടെ നടുവിൽ നാം വീണ്ടുമൊരു ക്രിസ്മസിന് ഒരുങ്ങുകയാണല്ലോ. കഴിഞ്ഞ രണ്ടു വർഷക്കാലം നാമൊക്കെ ഏറെ ഉൽക്കണ്ഠകളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഭാവിയെപ്പറ്റി ഒന്നും ഉറപ്പിച്ചു പറയാൻ വയ്യാത്ത അവസ്ഥ.

യാക്കോബ് ശ്ലീഹായുടെ ലേഖനത്തിലെ വാക്കുകൾ ഈ അവസരത്തിൽ പ്രസക്തമാണ്: "നാളത്തെ നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരിക്കും എന്ന് നിങ്ങൾക്കറിഞ്ഞുകൂടാ. നിങ്ങൾ ഇങ്ങനെയാണ് പറയേണ്ടത്: കർത്താവു മനസ്സുണ്ടെങ്കിൽ ഞങ്ങൾ ജീവിക്കുകയും യഥായുക്തം പ്രവർത്തിക്കുകയും ചെയ്യും." (യാക്കോബ് 4:14-15)

നമുക്കുവേണ്ടി മനുഷ്യനായി അവതരിച്ച പുത്രൻതമ്പുരാൻ മനുഷ്യചരിത്രത്തിന്റെ ഗതിവിഗതികളുടെ അനിശ്ചിതത്വത്തിന്റെ ആഴം അറിഞ്ഞവനാണല്ലോ. പുൽക്കൂടു മുതൽ കാൽവരി വരെ അനിശ്ചിതത്വങ്ങളുടെ നിഴൽ ഈശോയെ പിന്തുടർന്നിട്ടുണ്ട്. അപ്പോഴൊക്കെ തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുകയാണ് തന്റെ ജീവിതദൗത്യമെന്ന് ഈശോ സുനിശ്ചയമായി സാക്ഷ്യപ്പെടുത്തിയത് നമുക്കൊക്കെ ഗുണപാഠമാകട്ടെ. നല്ല തമ്പുരാന്റെ കരുണയുടെ കരസ്പർശം ജീവിതത്തിന്റെ ഓരോ നിമിഷവും നമുക്കുണ്ടാകുമെന്ന് ഈശോ നമുക്ക് ഉറപ്പു നൽകുന്നു.

ഏവർക്കും പിറവിത്തിരുന്നാളിന്റെ ആശംസകൾ! പുതുവർഷ മംഗളങ്ങൾ!

ജനുവരി 7 മുതൽ 15 വരെ സമ്മേളിക്കുന്ന നമ്മുടെ സഭയുടെ സിനഡിന്റെ വിജയത്തിനായി പ്രാർത്ഥിക്കുമല്ലോ.

മിശിഹായിൽ സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

\+ ബോസ്കോ പുത്തൂർ　　　　2021 ഡിസംബർ 16

NB: ഈ സർക്കുലർ 2021 ഡിസംബർ 19ന് (ഞായർ) പള്ളിയിൽ വായിക്കേണ്ടതാണ്.